"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - ആയുർവേദ പി.ജി. വിദ്യാർത്ഥികൾക്ക് ഭാരതീയ ചികിത്സ വകുപ്പിൽ മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പി.ജി. കോഴ്സിൽ നിന്നും താൽക്കാലികമായി വിടുതൽ ചെയ്ത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.462/2025/AYUSH തീയതി,തിരുവനന്തപുരം, 11-09-2025

പരാമർശം:- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 09.09.2025 , 10.09.2025 തീയതികളിലെ ജി3/99/2025/ഡിഎഎംഇ നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം , തൃപ്പൂണിത്തുറ , കണ്ണൂർ സർക്കാർ ആയുർവേദ കോളേജുകളിലെയും കോട്ടക്കൽ വൈദ്യരത്നം ആയുർവേദ കോളേജിലെയും ,ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിലെയും 15 വിദ്യാർത്ഥികൾക്ക് കേരള പി.എസ്.സി മുഖേന ഭാരതീയ ചികിത്സ വകുപ്പിന് കീഴിൽ മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ചതിനാൽ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് ബന്ധപ്പെട്ട പി.ജി. കോഴ്സിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നപേക്ഷിച്ചുകൊണ്ട് പരാമർശത്തിലെ കത്തുകൾ പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.ജി.പ്രോസ്പെക്ടസിലെ ബന്ധപ്പെട്ട നിബന്ധകൾക്ക് വിധേയമായും ബോണ്ടിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിലും ഭാരതീയ ചികിത്സ വകുപ്പിൽ കേരള പി.എസ്.സി മുഖേന നിയമിതരായ ചുവടെപ്പറയുന്ന വിദ്യാർത്ഥികളെ ബന്ധപ്പെട്ട പി.ജി. കോഴ്സിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പേര് & കോളേജ് | വിഭാഗം |
|---|---|---|
| 1 | ഡോ. രശ്മി. വി, സർക്കാർ ആയുർവേദ കോളേജ്, തിരുവനന്തപുരം | രണ്ടാം വർഷം, കായ ചികിത്സാ വിഭാഗം |
| | | |

| | | |
|---|---|---|
| 2 | ഡോ. ജിഷ. എ. ദാസ്, സർക്കാർ ആയുർവേദ കോളേജ്, തിരുവനന്തപുരം | രണ്ടാം വർഷം, പ്രസൂതി തന്ത്ര & സ്ത്രീരോഗ വിഭാഗം |
| 3 | ഡോ. അർച്ചന. വി, സർക്കാർ ആയുർവേദ കോളേജ്, തിരുവനന്തപുരം | രണ്ടാം വർഷം, കായ ചികിത്സാ വിഭാഗം |
| 4 | ഡോ. പല്ലവി ജയകുമാർ, സർക്കാർ ആയുർവേദ കോളേജ്, തിരുവനന്തപുരം | അവസാന വർഷം, പഞ്ചകർമ്മ വിഭാഗം |
| 5 | ഡോ. രഞ്ജിനി. ആർ, സർക്കാർ ആയുർവേദ കോളേജ്, തിരുവനന്തപുരം | അവസാന വർഷം, ശാലാക്യതന്ത്ര വിഭാഗം |
| 6 | ഡോ. അശ്വതി കൃഷ്ണൻ, സർക്കാർ ആയുർവേദ കോളേജ്, തിരുവനന്തപുരം | അവസാന വർഷം, ശല്യതന്ത്ര വിഭാഗം |
| 7 | ഡോ. സിനി ജോർജ്, വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദ കോളേജ്, കോട്ടയ്ക്കൽ | അവസാന വർഷം, ശല്യതന്ത്ര വിഭാഗം |
| 8 | ഡോ. ഫമിദ ഹന്ന, വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദ കോളേജ്, കോട്ടയ്ക്കൽ | അവസാന വർഷം, പഞ്ചകർമ്മ വിഭാഗം |
| 9 | ഡോ. ഫമ ജെബിൻ കെ. വി. എം., വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദ കോളേജ്, കോട്ടയ്ക്കൽ | ഒന്നാം വർഷം, ശല്യതന്ത്ര വിഭാഗം |
| 10 | ഡോ.അഭിഷ കെ., സർക്കാർ ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ | രണ്ടാം വർഷം, പ്രസൂതി തന്ത്ര & സ്ത്രീരോഗ വിഭാഗം |
| 11 | ഡോ.അനഘ ബാബു, സർക്കാർ ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ | രണ്ടാം വർഷം, രസശാസ്ത്ര & ഭൈഷജ്യ കൽപ്പന വിഭാഗം |
| 12 | ഡോ. മുഹസിന എം. ബഷീർ, സർക്കാർ ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ | അവസാന വർഷം, പഞ്ചകർമ്മ വിഭാഗം |
| 13 | ഡോ. ഷെറീന കെ.എം, വൈദ്യരത്നം ആയുർവേദ കോളേജ്, ഒല്ലൂർ | രണ്ടാം വർഷം, കായ ചികിത്സാ വിഭാഗം |
| 14 | ഡോ. അനൂപ പി.പി., സർക്കാർ ആയുർവേദ കോളേജ്, കണ്ണൂർ | അവസാന വർഷം, ശാലാക്യതന്ത്ര വിഭാഗം |
| 15 | ഡോ. കൃഷ്ണപ്രിയ പി.പി., സർക്കാർ ആയുർവേദ കോളേജ്, കണ്ണൂർ | രണ്ടാം വർഷം, ക്രിയാശരീര വിഭാഗം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിയ്ക്ക് ( ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽ ( ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) ,കേരള ,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 11-09-2025 16:55:30